# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5584 18/11/2019-ൽ മറുപടിക്ക്

### അമ്മയും കുഞ്ഞും പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ. എൻ. ഷംസീർ** | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിനായുള്ള സൗജന്യ ചികിത്സാ പദ്ധതിയായ അമ്മയും കുഞ്ഞും പദ്ധതി പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിനായുള്ള സൗജന്യ ചികിത്സാ പദ്ധതിയായ അമ്മയും കുഞ്ഞും പദ്ധതി (ജനനി ശിശു സുരക്ഷാ കാര്യക്രം) ദേശീയ ആരോഗ്യ ദൗത്യം മുഖേന എല്ലാ സർക്കാർ ആശുപത്രികളിലും നടപ്പിലാക്കി വരുന്നു. ദേശീയ ആരോഗ്യ ദൗത്യത്തിനു കീഴെ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ഗർഭിണികൾക്കും 30 ദിവസം വരെ പ്രായമായ നവജാത ശിശുക്കൾക്കും സൗജന്യ ചികിത്സയും 3 മുതൽ 7 ദിവസം വരെ സൗജന്യ ഭക്ഷണവും സൗജന്യ യാത്രാ സൗകര്യവും നൽകുന്ന പദ്ധതിയാണ് അമ്മയും കുഞ്ഞും പദ്ധതി. സാധാരണ പ്രസവത്തിനു 1650 രൂപയും സിസേറിയനു 3300/- രൂപയും ആണ് അനുവദിച്ചിരിക്കുന്നത്. എന്നാലും കേന്ദ്ര സർക്കാരിന്റെ പ്രധാനപ്പെട്ട പദ്ധതിയായതിനാൽ പ്രസവവുമായി ബന്ധപ്പെട്ട മുഴുവൻ ചികിത്സയും സൗജന്യമായാണ് ഈ ആശുപത്രികളിൽ നടത്തി വരുന്നത്. ഇതിനെ കുറിച്ച് ജനങ്ങളെ ബോധവത്കരിക്കാൻ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി നോട്ടീസുകൾ OP കൗണ്ടറുകളിൽ പതിപ്പിച്ചിട്ടുണ്ട്. JSSK സീൽ ചെയ്ത OP ടിക്കറ്റുകൾ ഉപയോഗിച്ച് ഇതുമായി ബന്ധപ്പെട്ട സ്കാനുകളും മരുന്നുകളും പൂർണ്ണമായും സൗജന്യമായി ആശുപത്രികൾ മുഖേനയോ അംഗീകരിച്ച മെഡിക്കൽ സ്റ്റോറുകൾ/ സ്കാൻ സെന്ററുകൾ മുഖേനയോ നൽകി വരുന്നുണ്ട്.<br><br>ഇത് കൂടാതെ DMO, DPM ജില്ലാ RCH ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി ജില്ലകളിൽ രൂപീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കുറവുകളോ പരാതികളോ ഇവരെ അറിയിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ